**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 620** **08-10-2024 - ൽ മറുപടിയ്ക്ക്**

**വ്യവസായ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. ബി. സതീഷ്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഒരു പഞ്ചായത്തിൽ ഒരു വ്യവസായപാർക്ക് (മിനി വ്യവസായപാർക്ക്) പദ്ധതി നടപ്പിലാക്കാൻ ആലോചനയുണ്ടോ; എങ്കിൽ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനുള്ള അനുമതി നല്കുമോ; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഒഴിഞ്ഞുകിടക്കുന്ന ഭൂമിയിൽ വ്യവസായ ആവശ്യങ്ങൾക്കായി അടിസ്ഥാന സൗകര്യം ഒരുക്കി വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് പി.പി.പി മോഡിലുള്ള പദ്ധതിയുടെ കരട് മാർഗരേഖ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്തെ ഗ്രാമങ്ങളെ അവിടുത്തെ തനത് ഉല്പന്നങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് വ്യവസായ മാപ്പ് തയ്യാറാക്കി അവിടേക്ക് നിക്ഷേപകരെ ആകർഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | വ്യവസായ മാപ്പ് തയ്യാറാക്കി അവിടേക്ക് നിക്ഷേപകരെ ആകർഷിക്കുന്നതിനുള്ള പദ്ധതി നിലവിലില്ല. എന്നാൽ സംസ്ഥാനത്ത് വ്യവസായ വാണിജ്യ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും ചേർന്ന് നടത്തുന്ന ഒരു സംയുക്ത പദ്ധതി, *ഒരു തദ്ദേശ സ്ഥാപനം ഒരു ഉത്പന്നം* എന്ന പദ്ധതി നിലവിലുണ്ട്. ആഗോള വിപണി ലക്ഷ്യമാക്കി തനതായ ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം ചെയ്യുന്നതിനും പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ തിരിച്ചറിയുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. 456 തദ്ദേശ സ്ഥാപനങ്ങൾ ഈ പദ്ധതി പ്രകാരം നിർമ്മിച്ച വിതരണം ചെയ്യുന്നതിനുള്ള ഉത്പന്നങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു തദ്ദേശ സ്ഥാപനത്തിന് 50,000/- രൂപ വരെ വ്യവസായ വകുപ്പ് സാമ്പത്തിക സഹായം നല്കുന്നു. |

സെക്ഷൻ ഓഫീസർ